**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ** -1033 **10.06.2019-ലെ മറുപടി**

**തലശ്ശേരി കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ .** | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തലശ്ശേരി കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനു ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | എ) 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി-കുത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്ക് 85.86 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി പാനൂർ മുനിസിപ്പാലിറ്റിക്കും ചൊക്ലി ഗ്രാമപഞ്ചായത്തിനും കുടിവെള്ളമെത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മേൽപറഞ്ഞ ഒന്നാം ഘട്ടം ട്രാൻസ്മിഷൻ സംവിധാനം ആണ്. ഒന്നാം ഘട്ടം രണ്ടു പാക്കേജുകളായിട്ടാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.<br>**പാക്കേജ് -1**<br>മൈലാടിയിൽ നിന്നും കനകമലയിലേക്കുള്ള ഗ്രാവിറ്റി മെയിൻ, 6 ലക്ഷം ലിറ്റർ സമ്പ്, പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ തുടങ്ങിയ പ്രവർത്തികൾ.<br>**പാക്കേജ് -2**<br>പമ്പിംഗ് മെയിൻ, കനകമലയിൽ നിന്നും കരിയാട് ചൊക്ലി തുടങ്ങിയവയിലേക്കുള്ള ഗ്രാവിറ്റി മെയിൻ, ഉപരിതല ടാങ്ക്, ശുദ്ധജല സംഭരണി തുടങ്ങിയ പ്രവർത്തികൾ.<br>രണ്ട് പാക്കേജുകൾക്കും ആവശ്യമായ റോഡ് റീഫോർമേഷനുള്ള തുക ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറക്ക് മാത്രമേ മറ്റു നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. ഭൂമി ലഭ്യമാകുന്നതോടെ മറ്റു നടപടികൾ സ്വീകരിക്കുന്നതാണ്. മേൽപറഞ്ഞ ഒന്നാംഘട്ടം, പൂർത്തിയാക്കുന്നതോടു കൂടി നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഒരു പരിധിവരെ കുടിവെള്ളവിതരണം ചെയ്യുവാൻ കഴിയുന്നതാണ്. |
| ബി) ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാൻ ആവശ്യമായിട്ടുള്ളതെന്നും ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ? | ബി) വിതരണ ശൃംഖല അടങ്ങിയ രണ്ടാം ഘട്ടത്തിനുള്ള വിശദമായ എൻജിനീയറിങ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിശദമായ സർവേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഒന്നാംഘട്ടം പൂർത്തിയായതിനു ശേഷം രണ്ടാം ഘട്ടത്തിന്റെ പ്രവർത്തിയും (ഉദ്ദേശം ഒന്നര വർഷം) പൂർത്തിയാക്കിയാലേ പദ്ധതിയുടെ ഗുണം പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനു ഭരണാനുമതിയും ധനലഭ്യതയും കിട്ടുന്ന മുറയ്ക്ക് വിതരണഘട്ടം പൂർത്തിയാക്കുന്നതാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ